"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -തൂണേരി ഗ്രാമ പഞ്ചായത്ത് 2017-18 ൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് ഏറ്റെടുത്ത പ്രോജക്റ്റ് (പ്രോ.നം. 80/18 - അടങ്കൽ 4,00,000/- രൂപ) നടപ്പാക്കാൻ അനുമതി - ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.3282/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/12/2018

പരാമർശം:- 1

കോഴിക്കോട് ജില്ലാ കളക്ടറുടെ 03.08.2018-ലെ 58704/2018/DPC/KKD/CC നമ്പർ കത്തും തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2018-ലെ A2-5187/17-ാം നമ്പർ കത്തും.

2

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.18 ൽ ചേർന്ന യോഗത്തിന്റെ 4.42 നമ്പർ തീരുമാനവും 30.11.18 ൽ ചേർന്ന യോഗത്തിന്റെ 2.1 നമ്പർ തീരുമാനവും

**ഉത്തരവ്**

തൂണേരി ഗ്രാമ പഞ്ചായത്ത് 2017-18 ൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് പ്രോജക്റ്റ് ഏറ്റെടുത്തിരുന്നുവെന്നും (പ്രോ.നം. 80/18 - അടങ്കൽ 4,00,000/- രൂപ) ആകെയുള്ള 50 ഗുണഭോക്താക്കളിൽ 29 പേർക്ക് 2017-18-ൽ ധനസഹായം നൽകിയെന്നും ശേഷിക്കുന്ന 21 പേർക്ക് 8000 രൂപ വീതം ധനസഹായം നൽകാൻ 2018-19 വർഷം സ്പിൽഓവറായി പ്രോജക്റ്റ് ഉൾപ്പെടുത്തിയെന്നും ആയതു നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം (1)പ്രകാരം സമർപ്പിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. പ്രോജക്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ആയതിനാൽ ബാക്കി വരുന്ന 21 ഗുണഭോക്താക്കൾക്ക് വേണ്ടി ടി പ്രോജക്റ്റ് നടപ്പാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2 )-ലെ യോഗ തീരുമാനപ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു.

.(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

സെക്രട്ടറി, തൂണേരി ഗ്രാമ പഞ്ചായത്ത് , കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് ലെപ്രസി ഓഫീസർ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ